## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1605** **14.07.2016- ൽ മറുപടിക്ക്**

## "തൊഴിൽ സംരംഭങ്ങൾ ഏകോപിപ്പിക്കുവാൻ ദൗത്യസംഘം"

**ചോദ്യം** **ഉത്തരം**

**ശ്രീ.പി.കെ.ബഷീർ**

**ശ്രീ. ഇ.പി. ജയരാജൻ**
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് തൊഴിൽ പ്രദാന സംരംഭങ്ങളെ ഏകോപിപ്പിക്കുവാൻ ദൗത്യസംഘം (മിഷൻ ഫോർ എന്റർ പ്രൈസസ് ആൻഡ് എംപ്ലോയ്മെന്റ് ജനറേഷൻ) രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; ഇല്ലെങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) | ദൗത്യസംഘത്തിന്റെ 25/03/2014 -ൽ നടന്ന ആദ്യയോഗത്തിൽ 8 ഉപസമിതികൾ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ഉപസമിതികളുടെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ 27.05.2015 -ലെ ജി.ഒ.(എം.എസ്)നം. 23/2015/പ്ലാനിംഗ് പ്രകാരം 9 വകുപ്പുതല സമിതികൾ രൂപീകരിച്ചിട്ടുള്ളതുമാണ്. |
| സി) | പദ്ധതിയുടെ ഭാഗമായി ജില്ലാതല ബിസിനസ് ഇൻക്യുബേറ്റർ ആരംഭിച്ചിട്ടുണ്ടോ; | സി) | എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| ഡി) | പുതിയ തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ? | ഡി) | നിലവിൽ പുതിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ജില്ല /താലൂക്ക് / ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം, സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പാ സൗകര്യം, സ്ഥാപനങ്ങൾ ആരംഭിക്കു |

| | | | |
|---|---|---|---|
| | | | ന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾക്കായി സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം, പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതി, സംരംഭകത്വ സഹായ പദ്ധതി (Entrepreneur Support Scheme) തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ തൊഴിൽ സംരംഭങ്ങളെ പരമാവധി പ്രോത്സാഹിപ്പിച്ച് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉന്മൂലനം ചെയ്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുക എന്നുള്ളതാണ് സർക്കാരിന്റെ നയം. |

(signature)

**സെക്ഷൻ ഓഫീസർ**